**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **08-10-2021 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികമേഖലയുടെ വികസനത്തിനായി മുൻ സർക്കാർ നടപ്പിലാക്കിവന്ന വിവിധ പദ്ധതികളുടെ അവലോകനം ഈ സർക്കാർ നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി മുൻ സർക്കാർ നടപ്പിലാക്കി വരുന്നതും നിലവിൽ തുടരുന്നതും, പുതുതായി ആരംഭിച്ചതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കായികക്ഷമത മിഷൻ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ |

പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റ്റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. 4) ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും, എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ മേൽ പദ്ധതികൾക്ക് പുറമെ ബഹു.മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കായികയുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ, കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സപ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. 5) കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. 6) ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൽ അസോസിയേഷനുമായി ചേർന്ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. 7) മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. 8) സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ പത്ത് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തി

| | | | |
|---|---|---|---|
| | | | വരുന്നു. ഇവയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടന്നു വരുന്ന എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധം-III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ പ്ലാൻ/ നോൺ പ്ലാൻ ഫണ്ട് പദ്ധതികൾ 9) കായിക വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദാംശം അനുബന്ധം -IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂളുകൾ 10) സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയവയുടെ വിശദാംശം അനുബന്ധം-V ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക/അനുബന്ധ ആസ്തി വികസന പ്രവൃത്തികൾ വിവിധ ജില്ലകളിൽ കായിക മേഖലയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - VI ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക ഭവൻ കായിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിനായി കായിക ഭവൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 11) കൂടാതെ കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നടന്നു വരുന്ന ആസ്തി വികസന പ്രവർത്തനങ്ങളെ കാര്യക്ഷമമായി മുന്നോട്ടു കൊണ്ട് പോകുന്നതിനുമായി കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്നും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും അറിയിക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി മുൻ സർക്കാർ നടപ്പിലാക്കി വരുന്നതും നിലവിൽ തുടരുന്നതും, പുതുതായി ആരംഭിച്ചതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കായികക്ഷമത മിഷൻ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും |

കൈവരിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്സ ‌ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റ്ററൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. 4) ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും, എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ച നൽകുന്നുണ്ട്. കൂടാതെ മേൽ പദ്ധതികൾക്ക് പുറമെ ബഹു.മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കായികയുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ, കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ്

ബോളിന് ഫ്ലസ്സ്, അത്ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. 5) കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. 6) ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൽ അസോസിയേഷനുമായി ചേർന്ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. 7) മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. 8) സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ പത്ത് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തി വരുന്നു. ഇവയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടന്നു വരുന്ന എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധം-III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ പ്ലാൻ/ നോൺ പ്ലാൻ ഫണ്ട് പദ്ധതികൾ 9) കായിക വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദാംശം അനുബന്ധം -IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂളുകൾ 10) സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയവയുടെ വിശദാംശം അനുബന്ധം-V ആയി

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക/അനുബന്ധ ആസ്തി വികസന പ്രവൃത്തികൾ വിവിധ ജില്ലകളിൽ കായിക മേഖലയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - VI ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക ഭവൻ കായിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിനായി കായിക ഭവൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 11) കൂടാതെ കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നടന്നു വരുന്ന ആസ്തി വികസന പ്രവർത്തനങ്ങളെ കാര്യക്ഷമമായി മുന്നോട്ടു കൊണ്ട് പോകുന്നതിനുമായി കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള പദ്ധതികൾക്ക് പുറമെ ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ; | (സി) | നിലവിലുള്ള പദ്ധതികൾക്ക് പുറമെ ഈ സർക്കാർ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ച്:- സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിന്റെ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്ന പദ്ധതിയാണിത്. ജൂഡോക്കാ:- സംസ്ഥാനത്ത ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ നിലവിലുള്ള പദ്ധതികൾക്ക് പുറമെ പുതിയതായി ആസൂത്രണം ചെയ്ത പദ്ധതികൾ ചുവടെ ചേർക്കുന്നു. കോച്ചസ് എംപവർമെന്റ് പ്രോഗ്രാം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ ദേശീയ-അന്തർദേശീയ തലത്തിൽ മികവുതെളിയിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ പരിശീലകർക്കുമായി ക്യാഷ് അവാർഡ് ഇൻസെന്റീവ് സ്കീം. |
| (ഡി) | കോവിഡാനന്തരം സംസ്ഥാനത്തെ കായികമേഖലയെ ഊർജസ്വലമായി മുന്നോട്ട് | (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിവിധ ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ/കോളേജ് |

| | | | |
|---|---|---|---|
| | കൊണ്ടുപോകുന്നതിന് ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് പ്രത്യേകമായി തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ? | | സ്പോർട്സ് അക്കാഡമികൾ എന്നിവയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തി വച്ചിരുന്നു. ടി സാഹചര്യത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിനായി പോഷകമൂല്യമുള്ള ഭക്ഷ്യധാന്യങ്ങളും മറ്റും ഉൾപ്പെടുത്തി എല്ലാ ജില്ലകളിലെയും അക്കാഡമികളിലെ കായിക താരങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

1) സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ്. ആരംഭത്തിൽ ജി.വി.രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17,U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നടത്തുന്നത്. കിക്കോഫ് പരിശീലന പദ്ധതിയിലെ മികച്ച കുട്ടികളെ അക്കാഡമിയിൽ ഉൾപ്പെടുത്തുന്നതാണ്. കായികയുവജനകാര്യാലയത്തിനു കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് പ്രൊഫഷണൽ ക്ലബുകൾ വഴി പരിശീലനം നടത്തുന്നതിനാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. അക്കാഡമികളുടെ ഉദ്ഘാടനം 16.09.2021ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു.

2) സ്പോർട്സ് എക്സെലൻസ് ത്രൂ ഇൻർനാഷണൽ പാർട്ട്ണർഷിപ്പ്

കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സ്-ലെൻസ്സ് ത്രൂ ഇൻർനാഷണൽ പാർട്ട്ണർഷിപ്പ് വിജയകരമായി നടപ്പിലാക്കി വരുന്നു. പദ്ധതിക്കായി 2018ൽ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി കായിക യുവജനകാര്യാലയം ധാരണാപത്രം ഒപ്പു വെച്ചു .പദ്ധതിയുടെ ഭാഗമായി 2020-21 ൽ മാസ്റ്റർ ട്രൈനേഴ്സ് ട്രെയിനിങ് പ്രോഗ്രാം നടത്തി. സ്പോർട്സ് മാനേജ്മെൻറ്, സ്പോർട്സ് കോച്ചിംഗ്, ഇവൻറ് ഓർഗനൈസേഷൻ, കായികസൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടന്നത്. കേരള സ്പോർട്സ് കൗൺസിലിലെയും ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ പരിശീലകർ, പൊതു വിദ്യാഭ്യാസ വകുപ്പിലെ കായിക അദ്ധ്യാപകർ , കായിക എഞ്ചിനീയറിംഗ് വിഭാഗത്തിലെ എൻജിനീയർമാർ എന്നിവർ ഉൾപ്പെടെ 20 പേർക്ക് ട്രെയിനിംഗ് നൽകി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പരിശീലന പരിപാടിയിൽ പങ്കെടുത്ത മാസ്റ്റർ ട്രൈനേഴ്സ് വഴി മറ്റ് പരിശീലകർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു.

3) ജി വി രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയതും പൂർത്തീകരിച്ചതുമായ പദ്ധതികളും, തുടർപദ്ധതികളും ചുവടെ ചേർക്കുന്നു.

1. ടാലന്റ് ഹണ്ട് പ്രോഗ്രാം (തുടർ പദ്ധതി)
2. ന്യൂട്രീഷൻ പ്രോജക്ട് (തുടർ പദ്ധതി)
3. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം & എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സെന്റർ ഓഫ് എക്സലൻസ് ഫോർ ജി വി രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ (തുടർ പദ്ധതി)
4. INSPIRE സ്കോളർഷിപ്പ് – ജി വി രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ സംസ്ഥാന, ദേശീയ തലങ്ങളിൽ മികവു തെളിയിച്ച പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്. (തുടർ പദ്ധതി)
5. ലെജന്റ് ടാക് ടു യു പ്രോഗ്രാം. (തുടർ പദ്ധതി)
6. റിഫ്രഷർ കോഴ്സ് ഫോർ ട്രെയ്നേഴ്സ്.

4) കായിക ചികിത്സാ കേന്ദ്രം തൃശൂർ കണ്ണൂർ ആരംഭിക്കുന്നത് സംബന്ധിച്ച്

2019-20 സാമ്പത്തിക വർഷം പുതിയതായി രണ്ടു സ്പോർട്സ് സയൻസ് സെന്ററുകൾ ആരംഭിക്കുന്നതിനു സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ 2020-21 ൽ തൃശൂർ, കണ്ണൂർ ജില്ലകളിൽ ഓരോ സ്പോർട്സ് സയൻസ് സെന്റർ ആരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചു.

5) സയൻസ് & ടെക്നോളജി അസസ്മെൻറ് ഓഫ് സ്ററുഡൻറ്സ്

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യുക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും ഈ വകുപ്പുമായി കൂടിചേർന്ന് നടത്തുന്ന 1,55,55,000/- രൂപയുടെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20 ൽ ജി വി രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമതാ പരിശോധന നടത്തി. 2020-21 സാമ്പത്തിക വർഷം 45,88,725/- രൂപ ടി പദ്ധതിക്കായി അനുവദിച്ചു നൽകി. കുട്ടികളെ പരിശോധിച്ചതിന്റെ ആദ്യ റിപ്പോർട്ട് ഈ വകുപ്പില് സമർപ്പിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കോവിഡ് 19 കാരണം സ്കൂളുകൾ പ്രവർത്തിക്കാതിരുന്നതിനാൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

6) ബയോപ്സി ടെസ്റ്റ്

ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ ക്രയോസ്റ്റാറ്റ് ഉപകരണം 2020-21 സാമ്പത്തിക വർഷം വാങ്ങുകയും ആയത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണം വാങ്ങിയതിന് 19,22,576/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് ന് അനുവദിച്ചു നൽകി. കോവിഡ് 19 ശേഷം കുട്ടികളെ ലഭ്യമാകുന്നതനുസരിച്ച് ടെസ്റ്റ് നടത്തുന്നതിനും ലക്ഷ്യമിടുന്നു.

7) ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന്

തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്ക്കൂളിൽ വെച്ച് നടത്തപ്പെട്ടു. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാംഭിക്കുന്നതാണ്.

8) സ്പ്രിന്റ്

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുക. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടപ്പ് സാമ്പത്തിക വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

9) പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്ക്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്ക്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്ക്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതിക്ക് വേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ജനുവരി 25-ന് കണ്ണൂർ തളാപ്പ് മിക്സഡ് യു.പി. സ്കൂളിൽ വച്ച് നടത്തി.

10) കേരള ഷൂട്ടിംഗ് അക്കാദമി

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3 ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നൽകിയിരുന്നു. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ അക്കാദമിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് അക്കാദമിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.

11) കിക്കോഫ്

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

ഓരോ സെന്ററിലും 25 കുട്ടികൾക്ക് വീതമാണ് പ്രസ്തുത പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. ആദ്യ ഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിലാണ് പദ്ധതി ആരംഭിച്ചത്. പ്രസ്തുത സെന്ററുകളിൽ പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയാകുകയും രണ്ടാം ഘട്ട പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കു വേണ്ടി 14 സെന്ററുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാരംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്.

SO

## <u>അനുബന്ധം-II</u>

| നം | പ്രവൃത്തിയുടെ പേര് | ഇന്റീരിയർ പ്രവൃത്തികളുടെ ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തെക്കേക്കര ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, കുറത്തിയാട് മാവേലിക്കര | 2,60,26,000 | എഗ്രിമെന്റ് ഒപ്പുവെച്ചു |
| 2 | മീനച്ചിൽ ഗ്രാമപഞ്ചായത്ത്, പാല കോട്ടയം | | എഗ്രിമെന്റ് ഒപ്പുവെച്ചു |
| 3 | കോന്നി, പത്തനംതിട്ട | | എഗ്രിമെന്റ് ഒപ്പുവെച്ചു |
| 4 | കാഞ്ഞങ്ങാട്, കാസർഗോഡ് | | ധാരണാപത്രം ഒപ്പുവെച്ചില്ല |
| 5 | മട്ടന്നൂർ, കണ്ണൂർ | | നിലവിലുള്ള ട്രഷറി ഓഫീസ് മാറുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാം |
| 6 | ആന്തൂർ മുനിസിപ്പാലിറ്റി, തളിപ്പറമ്പ്, കണ്ണൂർ | 32,52,200 | ടെണ്ടർ ഘട്ടം |
| 7 | തൃപ്പൂണിത്തുറ, എറണാകുളം | 48,12,200 | ധാരണാപത്രം ഒപ്പുവെച്ചില്ല |
| 8 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി, പാലക്കാട് | 42,46,000 | ടെണ്ടർ ഘട്ടം |
| 9 | പാലക്കാട്, ചിറ്റൂർ | 32,61,300 | ധാരണാപത്രം ഒപ്പുവെച്ചില്ല |
| 10 | കുന്നമംഗലം, കോഴിക്കോട് | 48,70,400 | ധാരണാപത്രം ഒപ്പുവെച്ചില്ല |

S.O

# അനുബന്ധം-III

I. കിഫ്ബി അനുമതി ലഭിച്ച് പൂർത്തീകരിച്ചവയും നിലവിൽ പ്രവൃത്തികൾ നടന്നു വരുന്നതുമായ 47 സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| പ്രവൃത്തി പൂർത്തീകരിച്ച സ്റ്റേഡിയങ്ങൾ (6 എണ്ണം) | | | |
| 1 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 9.58 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 2 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5.34 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 3 | മിനി സ്റ്റേഡിയം എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 6.82 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 4 | ഐെയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 4.97 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 5 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്.എസ്.എസ്. | 8.87 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 6 | പറളി സ്കൂൾ, പാലക്കാട് | 6.93 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികൾ (6 എണ്ണം) | | | |
| 1 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.05 | പവലിയൻ കെട്ടിട നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്.<br>സിന്തറ്റിക് ട്രാക്ക്, ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ (2 -ാം ഘട്ടം) നിർമ്മാണം 85% പൂർത്തിയായിട്ടുണ്ട്. |
| 2 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 5.54 | സ്വിമ്മിംഗ്പൂൾ നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫുട്ബോൾ ടർഫിന്റെ നിർമ്മാണം (2 -ാം ഘട്ടം) 90% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | മാനവേദൻ മിനി സ്റ്റേഡിയം കോംപ്ലക്സ്, നിലമ്പൂർ മലപ്പുറം | 18.30 | ഫുട്ബോൾ ടർഫും പവിലിയൻ ബിൽഡിംഗിങിന്റെയും നിർമ്മാണം (1-ാം ഘട്ടം)പൂർത്തീകരിച്ചിട്ടുണ്ട്.<br>സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഇൻഡോർ ട്രെയിനിംഗ് കോർട്ട്, സ്വിമ്മിംഗ് പൂൾ (2 -ാം ഘട്ടം) എന്നിവ ആരംഭിക്കേണ്ടതുണ്ട്. |
| 4 | മട്ടന്നൂർ സ്റ്റേഡിയം | 4.12 | പവലിയൻ കെട്ടിട നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്.<br>ഫുട്ബോൾ ടർഫിന്റെ സബ് ബേയ്സ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ടർഫിന്റെ ലെയിംഗ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. (2 -ാം ഘട്ടം) 60% പൂർത്തിയായിട്ടുണ്ട്. |
| 5 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 17.04 | ഒന്നാം ഘട്ടത്തിൽ സ്വിമ്മിംഗ്പൂൾ, ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു.<br>രണ്ടാം ഘട്ട പ്രവൃത്തികളായ സിന്തറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 6 | കൊടുമൺ സ്റ്റേഡിയം | 14.1 | 1 -ാം ഘട്ട നിർമ്മാണ പ്രവൃത്തികളായ ഫുട്ബോൾ ഗ്രൗണ്ട്, അഡ്മിൻ ബ്ലോക്ക്, ടോയ്ലെറ്റ് ബ്ലോക്ക്, ചെയിഞ്ച് റൂം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു.<br>2 -ാം ഘട്ടത്തിൽ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട് |
| പ്രവൃത്തി പുരോഗമിച്ചുവരുന്ന പദ്ധതികൾ | | | |
| I-ജില്ലാ സ്റ്റേഡിയം (7 എണ്ണം) | | | |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 34.26 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 42% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 41.47 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 58% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 56.01 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ടെണ്ടർ അക്സപ്റ്റൻസ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 36.88 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 79% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 5 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | 29.32 | ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| 6 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 42.72 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| 7 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 33.77 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| **പഞ്ചായത്ത് കളി സ്ഥലം (13 എണ്ണം)** | | | |
| 1 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.67 | സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ 67 % പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5.49 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 93% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ - ടെണ്ടർ - ബിഡ്ഡുകളുടെ സൂഷ്മപരിശോധന നടത്തിവരുന്നു. |
| 3 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | 5.75 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 93% -ും, സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ 80% -ും പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | നെടുങ്കണ്ടം സ്റ്റേഡിയം | 9.40 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 81% |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾക്ക് വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. |
| 5 | താനൂർ സ്റ്റേഡിയം | 10.07 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 6 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 9.26 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 7 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | 4.93 | ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 8 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 5.63 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 73% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 9 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 6.44 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 99% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. |
| 10 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 16.29 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 11 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | | |
| 12 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 13.10 | നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ് |
| 13 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | | |

| ടെണ്ടറിംഗ് /റീ ടെണ്ടറിംഗ് ഘട്ടത്തിലുള്ള പ്രവൃത്തികൾ | | | |
|---|---|---|---|
| (ജില്ലാ സ്റ്റേഡിയം - 2 എണ്ണം) | | | |
| 1 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 32.55 | പദ്ധതിയുടെ റീ ടെണ്ടറിൽ 2 ബിഡ്ഡുകൾ ലഭിക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന കിറ്റ്കോ നടത്തിവരികയാണ്. |
| 2 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 41.02 | പദ്ധതിയുടെ റീ ടെണ്ടറിൽ 4 ബിഡ്ഡുകൾ ലഭിക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന കിറ്റ്കോ നടത്തിവരികയാണ്. |
| (പഞ്ചായത്ത് കളിസ്ഥലം -7 എണ്ണം) | | | |
| 1 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 56.19 | പദ്ധതിയുടെ റീ ടെണ്ടറിൽ 6 ബിഡ്ഡുകൾ ലഭിക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന കിറ്റ്കോ നടത്തിവരികയാണ്. |
| 2 | പുല്ലൂരാംപാറ തിരുവമ്പാടി | 6.11 | പദ്ധതിയുടെ റീ ടെണ്ടറിൽ 4 ബിഡ്ഡുകൾ ലഭിക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന കിറ്റ്കോ നടത്തിവരികയാണ്. |
| 3 | കോതമംഗലം ചേലാട് സ്റ്റേഡിയം | 15.83 | പദ്ധതിക്ക് പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഡി.എസ്.ആർ പരിഷ്ക്കരിച്ചത് മൂലമുള്ള എസ്റ്റിമേറ്റ് വർദ്ധനവ് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്. |
| 4 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 14.094 | പൊന്നാനി നഗരസഭ കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതുണ്ട്. പദ്ധതിക്ക് 06.09.2021 ന് ചേർന്ന സാങ്കേതിക സമിതി |

| | | | |
|---|---|---|---|
| | | | യോഗം അംഗീകാരം നൽകിയിട്ടുണ്ട്. |
| 5 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 7.67 | ഡി.എസ്.ആർ പരിഷ്ക്കരിച്ച സാഹചര്യത്തിൽ പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 6 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 8.34 | പട്ടാമ്പി കോളേജ് കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്. |
| 7 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 10.81 | പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് സാങ്കേതിക സമിതി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. |
| **കിഫ്ബി അംഗീകാരം / പുതുക്കിയ അംഗീകാരം വേണ്ട പദ്ധതികൾ** | | | |
| **(ജില്ലാ സ്റ്റേഡിയം – 2 എണ്ണം)** | | | |
| 1 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 71.27 | പദ്ധതി പ്രദേശം പുനർ നിർണ്ണയിച്ചതിനാൽ പുതുക്കിയ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| 2 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | | കിഫ്ബി അംഗീകാരത്തിനായി ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| **(പഞ്ചായത്ത് കളിസ്ഥലം – 2 എണ്ണം)** | | | |
| 1 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 8.62 | ഡി.പി.ആർ തയ്യാറാക്കി വരുന്നു. നഗരസഭ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | | കിഫ്ബി അംഗീകാരത്തിനായി ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| ഡി.പി.ആർ തയ്യാറാക്കി വരുന്ന പ്രവൃത്തികൾ | | | |
| (ജില്ലാ സ്റ്റേഡിയം - 1 എണ്ണം) | | | |
| 1 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | | പദ്ധതിയുടെ ഡി.പി.ആർ കിറ്റ്കോ തയ്യാറാക്കി വരുകയാണ്. ഒക്ടോബർ 20 നകം കിഫ്ബിയിൽ സമർപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (പഞ്ചായത്ത് കളിസ്ഥലം - 2 എണ്ണം) | | | |
| 1 | ആലപ്പുഴ റോവിംഗ് ട്രാക്ക് | | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| 2 | തൃശ്ശൂർ അക്വാട്ടിക് കോപ്ലക്സ് | | പദ്ധതിയുടെ ഡി.പി.ആർ കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| കിഫ്ബി അംഗീകാരം ലഭിച്ചതും തടസ്സം നേരിടുന്നതുമായ പദ്ധതികൾ | | | |
| (പഞ്ചായത്ത് കളിസ്ഥലം - 4 എണ്ണം) | | | |
| 1 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 9.69 | നഗരസഭ ഭൂമി കൈമാറ്റം ചെയ്യുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടു കൂടി പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. |
| 2 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 6.71 | പദ്ധതി പ്രദേശത്ത് നിലനിൽക്കുന്ന ഒരു സ്കൂൾ കെട്ടിടം പൊളിക്കേണ്ടതുണ്ട്. |
| 3 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 10.64 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതി നടപ്പിലാക്കേണ്ടതില്ലാ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| 4 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 7.05 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് മുനിസിപ്പാലിറ്റി തയ്യാറായിട്ടില്ല |

| | | | |
|---|---|---|---|
| വിവിധ കാരണങ്ങൾ മൂലം തടസ്സം നേരിടുന്ന പദ്ധതികൾ | | | |
| (ജില്ലാ സ്റ്റേഡിയം - 1 എണ്ണം) | | | |
| 1 | സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം | - | ഭൂമി ലഭ്യമായിട്ടില്ല |
| (പഞ്ചായത്ത് കളിസ്ഥലം - 5 എണ്ണം) | | | |
| 1 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | - | കോളേജ് ധാരണാപത്രം ഒപ്പിടുന്നതിന് തയ്യാറായിട്ടില്ല. |
| 2 | മട്ടന്നൂർ സിമ്മിംഗ് പൂൾ | - | കിഫ്ബി അംഗീകാരത്തിനായി പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കീഴിലുള്ള നിർദ്ദിഷ്ട പദ്ധതി പ്രദേശം കായിക വകുപ്പിന് കൈമാറി നൽകിയിട്ടില്ല. |
| 3 | പാലക്കാട് കെ.കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | | പദ്ധതിക്കനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല |
| 4 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട്. | | സ്ഥലം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ പദ്ധതി ഉപേക്ഷിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 5 | കൊറ്റൻകര മിനി സ്റ്റേഡിയം | | പദ്ധതിക്കനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. |

S.O

# അനുബന്ധം-IV

കായിക വകുപ്പിന്റെ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തി വരുന്ന മറ്റ് പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തിയുടെ പേര് | അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| തിരുവനന്തപുരം | | | |
| 1 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഫുൾ പി.യു.ആർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം | ₹. 2,75,03,377 | 60% പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | തിരുവനന്തപുരം കറ്റച്ചക്കോണം ഗവൺമെന്റ് സ്കൂളിൽ ചുറ്റുമതിൽ, ഗ്യാലറി നിർമ്മാണം | ₹. 48,83,000 | ധാരണാപത്രം ലഭ്യമായതിന് ശേഷം ടെണ്ടർ ചെയ്യുന്നതാണ് |
| 3 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ നവീകരണ പ്രവൃത്തികൾ | ₹. 48,54,150 | ടെണ്ടർ ചെയ്യണം |
| 4 | ജിമ്മിജോർജ്ജ് സ്പോർട്സ് ഹബ്ബിന്റെ കോമ്പൗണ്ട് വാൾ നിർമ്മാണവും, അനുബന്ധ പ്രവൃത്തികളും | ₹. 47,10,000 | 95% പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | തിരുവനന്തപുരം പി.ടി ഉഷ കോച്ചിംഗ് സെന്ററിലെ കോൺഫറൻസ് ഹാൾ നവീകരണ പ്രവൃത്തികൾ | ₹. 21,00,000 | പ്രവൃത്തികൾ 80% പൂർത്തീകരിച്ചു |
| | കൊല്ലം | | |
| 6 | കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ നവീകരണവും ഇലക്ട്രിക്കൽ പ്രവൃത്തിയും | ₹. 39,92,000 | ടെണ്ടർ ചെയ്യേണ്ടതുണ്ട് |
| | എറണാകുളം | | |
| 7 | കോതമംഗലം പല്ലാരിമംഗലം പഞ്ചായത്തിൽ സെവൻസ് മഡ് ഫുട്ബോൾ കോർട്ട്, ഗ്യാലറി, ചെയിഞ്ച് റൂം, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം | ₹. 72,12,000 | ടെണ്ടർ ഘട്ടം |
| | ഇടുക്കി | | |
| 8 | മൂന്നാർ ഒഅംഇ സ്പോർട്സ് ഹോസ്റ്റലിന്റെ നവീകരണം | ₹. 1,07,02,810 | പ്രവൃത്തികൾ 65% പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | തൃശ്ശൂർ | | |
| 9 | തൃശൂർ വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ നവീകരണ പ്രവൃത്തികൾ | ₹. 41,57,500 | ടെണ്ടർ ചെയ്യേണ്ടതുണ്ട് |
| | മലപ്പുറം | | |
| 10 | മുക്കുത്തല പി.സി.എൻ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സെവൻസ് ഫുട്ബോൾ ടർഫ്, 200 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം | ₹. 3,00,00,000 | ടെണ്ടർ ഘട്ടം |
| | പാലക്കാട് | | |
| 11 | മിനി സ്റ്റേഡിയം, അനങ്ങനടി | ₹. 3,00,00,000 | ടെണ്ടർ ഘട്ടം |
| | കണ്ണൂർ | | |
| 12 | കണ്ണൂർ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം | ₹. 2,83,20,000 | ടെണ്ടർ ഘട്ടം |

S.O

## അനുബന്ധം- V

### എ. സ്പോർട്സ് സ്കൂളുകൾ

സംസ്ഥാനത്തെ വളർന്നു വരുന്ന കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുന്നതിൽ നിർണ്ണായ പങ്ക് വഹിക്കുന്ന കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷനുകൾ, ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം എന്നിവിടങ്ങളിലെ ആസ്തി വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്.

### ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം

കേരളത്തിലെ ആദ്യത്തെ സ്പോർട്സ് സ്കൂളായ ജി.വി.രാജ സ്പോർട്സ് സ്കൂൾ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് കായിക വകുപ്പ് ഏറ്റെടുത്തതിനെ തുടർന്ന് നിരവധി ആസ്തി വികസന പ്രവൃത്തികളാണ് പ്രസ്തുത സ്കൂളിൽ നടപ്പിലാക്കി വരുന്നത്. സിന്തറ്റിക് ആസ്ട്രോ ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, നിലവിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ, ബാസ്ക്കറ്റ് ബോൾ കോർട്ടുകളുടെ (2 എണ്ണം) നിർമ്മാണം, അഡ്മിൻ ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികൾ, സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം, ലാബുകൾ സജ്ജമാക്കുന്ന പ്രവൃത്തികൾ എന്നിവ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ നടന്നു വരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഫുൾ പി.യു.ആർ 400 മീറ്റർ 6 ലെയിൻ & 8 സ്ട്രയിറ്റ് അത്‌ലറ്റിക് ട്രാക്കിന്റെ നിർമ്മാണം | ₹. 6,38,00,000 | 90 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ലാന്റ്സ്കേപ്പിങ്, ഗാർഡനിംഗ് പ്രവൃത്തികൾ | ₹. 50,00,000 | 50 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | സ്കൂളിലേക്ക് ആവശ്യമായ ഫർണീച്ചർ ഉപകരണങ്ങളുടെ സമാഹരണം | ₹. 2,15,00,000 | 90 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | സ്കൂളിനോടനുബന്ധിച്ച് ആധുനിക ലാബ് സൗകര്യം സജ്ജമാക്കുന്ന പ്രവൃത്തി | ₹. 89,02,431 | 90 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | പുതുതായി വരുന്ന കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യവും, അനുബന്ധ പ്രവൃത്തികളും | ₹. 28,17,700 | 50 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | ഗേൾസ് ഹോസ്റ്റലിന്റെ കിച്ചൺ ബ്ലോക്കിന്റെ അധിക പ്രവൃത്തികളും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണവും | ₹. 8,65,000 | 40 % പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 7 | ഇന്ററാക്റ്റീവ് ക്ലാസ്സ് റൂം സജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ | ₹. 20,54,218 | 80 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ | ₹. 77,33,700 | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | ഖേലോ ഇന്ത്യ പ്രതിനിധികൾക്കായി ഹോസ്റ്റൽ കെട്ടിടത്തിന്റെ നവീകരണം | ₹. 79,61,000 | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കു പുറമേ കോമ്പാറ്റ് കായിക ഇനങ്ങൾക്കായി ഒരു ബഹു നില ഇൻഡോർ സൗകര്യം, ക്രിക്കറ്റ് പ്രാക്ടീസ് പിച്ചുകൾ, ജഡ ഫ്ളോറിംഗോടു കൂടിയ ഔട്ട് ഡോർ ബാസ്ക്കറ്റ് ബോൾ കോർട്ട്, നിലിവിലെ ഗേൾസ് ഹോസ്റ്റലിന്റെ മുകളിലത്തെ നിലയിൽ ട്രസ്സ് വർക്ക് റൂഫിംഗോടു കൂടിയ ഡോർമെറ്ററിയുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

**<u>തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ</u>**

കായിക വകുപ്പിന് കീഴിൽ തൃശ്ശൂർ ആസ്ഥാനമാക്കി പുതിയ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് 2020 – 21 കാലയളവിലാണ് സർക്കാർ അനുമതി നൽകിയത്. ഇതിനു മുൻപ് തന്നെ കുന്നംകുളം ജി.എച്ച്.എസ്.എസിനോടനുബന്ധിച്ച് നാച്ചുറൽ ഫുട്ബോൾ ടർഫ്, പവലിയൻ ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം കായിക യുവജന കാര്യാലയത്തിനു കീഴിൽ പൂർത്തീകരിച്ചിരുന്നു. പുതിയ സ്പോർട്സ് ഡിവിഷൻ പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്കൂളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് നിലവിലെ പ്രവൃത്തികൾ ആരംഭിച്ചത്. പ്രസ്തു പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ വിശദവിവരം |
|---|---|---|---|
| 1 | കുന്നംകുളത്തെ റീജിയണൽ സ്പോർട്സ് മെഡിസിൻ സെന്ററിനായി പ്രീഫാബ് കെട്ടിട നിർമ്മാണം | 47,30,000/ | ഫൗണ്ടേഷൻ പൂർത്തീകരിച്ചു. |
| 2 | ഫർണിച്ചർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, അടുക്കള പാത്രങ്ങൾ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സമാഹരണം | 56,92,938/ | ടെണ്ടർ നടപടികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| 3 | കായിക ഉപകരണങ്ങളുടെ സമാഹരണം | ഞൈ. 12,59,000/ | ടെണ്ടർ ചെയ്തു. |

## കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കണ്ണൂർ സ്പോർട്സ് ഡിവിഷനോടനുബന്ധിച്ച് കായിക താരങ്ങൾക്കായി സുസജ്ജമായ ഹോസ്റ്റൽ നിലവിൽ പ്രവൃത്തിച്ചു വരികയാണ്. ഈ ഹോസ്റ്റലിന്റെ നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സാമ്പത്തിക വർഷമാണ് പൂർത്തിയാക്കിയത്. ഹോസ്റ്റലിനോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു കിച്ചൺ ബ്ലോക്കും സജ്ജമാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് നടത്തി വരുന്ന തുടർ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ വിശദവിവരം |
|---|---|---|---|
| 1 | റീജിയണൽ സ്പോർട്സ് മെഡിസിൻ സെന്ററിന്റെ നിർമ്മാണം | 20,80,618/ | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | ഹോസ്റ്റൽ നവീകരണ പ്രവൃത്തികൾ (കിച്ചൺ ബ്ലോക്കിന്റെ വിപുലീകരണവും, ഹോസ്റ്റലിനോടനുബന്ധിച്ച് അഡ്മിൻ ബ്ലോക്കിന്റെ നിർമ്മാണവും) | 1,42,00,000/ | 80 % പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | ജിംനേഷ്യം സ്ഥാപിക്കുന്നതിനായി ടെറസ് ഫ്ളോർ വിപുലീകരണം | 34,44,800/ | 20 % പ്രവൃത്തി പൂർത്തീകരിച്ചു. |

കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ കായിക താരങ്ങൾക്ക് പഠന സൗകര്യം നൽകി വരുന്നത് കണ്ണൂർ GHSS സ്കൂളിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നതിന് സർക്കാർ കായിക യുവജനകാര്യാലയത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്കൂളിൽ പുതിയ കായിക സൗകര്യങ്ങൾ ഒരുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്.

**S.O**

<u>അനുബന്ധം-VI</u>

പൂർത്തീകരിച്ച പദ്ധതികൾ

കായിക വകുപ്പിന്റെ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | പൂർത്തീകരിച്ച സൗകര്യങ്ങൾ |
|---|---|---|---|
| 1 | സെൻട്രൽ സ്പോർട്സ് ഹോസ്റ്റൽ, കാസർഗോഡ് നവീകരണം | 102 | 1. ഹോസ്റ്റൽ ബിൽഡിംഗിന്റെ 1 ഉം 2 ഉം നിലകളുടെ നവീകരണ പ്രവൃത്തികൾ<br>2. 2ടെറസ് ഫ്ളോറിന്റെ നിർമ്മാണവും അനുബന്ധ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളും |
| 2 | നടക്കാവ് ഹെൽത്ത് ക്ലബ്, കോഴിക്കോട് | 28.3 | ഇന്റീരിയർ പ്രവൃത്തികൾ |
| 3 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | 63.75 | 1. എം.ഇ.പി. & ഇന്റീരിയർ പ്രവൃത്തികൾ<br>2. ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ |
| 4 | സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ, കണ്ണൂർ | 264 | 1 ഉം 2 ഉം നിലകളുടെ നിർമ്മാണവും അനുബന്ധ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളും |
| 5 | പിലാത്തറ ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | 182 | ഇൻഡോർ സ്റ്റേഡിയത്തിന്റെ റൂഫിംഗ്, ടോയ്ലെറ്റ്, ഫിനിഷിംഗ്, ഫ്ളെഡ് ലൈറ്റിംഗ്, യാർഡ് ഡെവലപ്മെന്റ് പ്രവൃത്തികൾ |
| 6 | പിണറായി പഞ്ചായത്ത് സ്വിമ്മിംഗ് പൂൾ, കണ്ണൂർ | 105 | സ്വിമ്മിംഗ് പൂൾ, ഓഫീസ് റൂം, ചെയിഞ്ച് റൂം എന്നിവയുടെ നിർമ്മാണവും അനുബന്ധ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളും |
| 7 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | 104.75 | 1. എം.ഇ.പി. & ഇന്റീരിയർ പ്രവൃത്തികൾ<br>2. ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ |
| 8 | ഡിസ്ട്രിക്ട് സ്പോർട്സ് കോംപ്ലക്സ് മഞ്ചേരി, മലപ്പുറം | 76.29 | 1. 2 ബാസ്ക്കറ്റ്ബോൾ കോർട്ടുകളുടെ നിർമ്മാണം,<br>2. ഹോസ്റ്റൽ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ |
| 9 | കണ്ണമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം, പാലക്കാട് | 300 | 1. സെവൻസ് സിന്തറ്റിക് ഫുട്ബോൾ ടർഫ്<br>2. സിന്തറ്റിക് വോളീബോൾ കോർട്ട്<br>3. സിന്തറ്റിക് ബാഡ്മിന്റൺ കോർട്ട് |
| 10 | ഗവ. ആർ എസ് ആർ വി ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണം, വേലൂർ | 100 | 1. മഡ് ഫുട്ബോൾ കോർട്ട്<br>2. സിന്തറ്റിക് മൾട്ടി പർപ്പസ് കോർട്ട് |
| 11 | കൈപ്പറമ്പ് ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 194 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ പൂർത്തീകരണം, ടോയ്ലെറ്റ്, ചെയിഞ്ച് റൂമുകൾ |
| 12 | കുന്നംകുളം ഗവ. എച്ച്.എസ്.എസ് സ്കൂൾ, തൃശ്ശൂർ | 509.80 | 1. സ്വാഭാവിക പുൽത്തകിടിയോടു കൂടിയ 11സ് ഫുട്ബോൾ ടർഫ്<br>2. ഗ്യാലറി |
| 13 | അക്വാട്ടിക്സ് കോംപ്ലക്സ്, തൃശ്ശൂർ | 675.40 | 1. ഡൈവിംഗ് പൂളും, റൈസിംഗ് പൂളും പൂർണമായി നവീകരിച്ചു.<br>2. ഗ്യാലറി കെട്ടിടത്തിന്റേയും ഹോസ്റ്റൽ കെട്ടിടത്തിന്റേയും നവീകരണ പ്രവൃത്തികൾ |
| 14 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 82.75 | 1. എം.ഇ.പി. & ഇന്റീരിയർ പ്രവൃത്തികൾ<br>2. ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ |
| 15 | കോട്ടായി ഗവ. എച്ച്.എസ്. എസ്. ഗ്രൗണ്ട് പാലക്കാട് | 700 | 1. 200 മീ സിന്തറ്റിക് ട്രാക്ക്<br>2. സെവൻസ് ഫുട്ബോൾ ടർഫ് |

| | | | |
|---|---|---|---|
| | | | 3. മൾട്ടി പർപ്പസ് കോർട്ട്<br>4. ഗ്യാലറി ബിൽഡിംഗ്<br>5. ലോംഗ് ജംപ് പിറ്റ് |
| 16 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, പിരപ്പൻകോട് | 82.75 | 1. ഇന്റീരിയർ പ്രവൃത്തികൾ<br>2. ഫിറ്റ്നസ് ഉപകരണങ്ങൾ |
| 17 | സെന്റ് ജോസഫ് വുമൺസ് കോളേജ്, ആലപ്പുഴ | 27.50 | ബാസ്ക്കറ്റ് ബോൾ കോർട്ടിന്റെ നവീകരണ പ്രവൃത്തികൾ |
| 18 | ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, ഗ്രൗണ്ട്, കൊട്ടാരക്കര | 100 | 1. മഡ് ഫുട്ബോൾ ഗ്രൗണ്ട്<br>2. ഗ്യാലറി<br>3. ചെയിഞ്ച് റൂം |
| 19 | ഹോക്കി സ്റ്റേഡിയം, കൊല്ലം | 231.40 | ടെറസ് ഫ്ളോറിന്റെ നിർമ്മാണവും അനുബന്ധ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളും |
| 20 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഹോക്കി സ്റ്റേഡിയം, കൊല്ലം | 69.45 | 1. എം.ഇ.പി. & ഇന്റീരിയർ പ്രവൃത്തികൾ<br>2. ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ |
| 21 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ,<br>കേരള ഷൂട്ടിംഗ് അക്കാഡമി വട്ടിയൂർക്കാവ്, തിരുവനന്തപുരം | 82.75 | 1. എം.ഇ.പി. & ഇന്റീരിയർ പ്രവൃത്തികൾ<br>2. ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ |
| 22 | ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം തിരുവനന്തപുരം | 1086.10 | 1. ഇൻഡോർ ഹാളിന്റെ നവീകരണ പ്രവൃത്തികൾ<br>2. ഫുട്ബോൾ ടർഫ്<br>3. ഹോക്കി ടർഫ്<br>4. ഫിറ്റ്നസ് സെന്റർ |
| 23 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ,<br>ജിമ്മി ജോർജ്ജ് ഇൻഡോർ, സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം | 170.28 | 1. എം.ഇ.പി. & ഇന്റീരിയർ പ്രവൃത്തികൾ<br>2. ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ |
| 24 | സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ,<br>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 80.55 | 1. എം.ഇ.പി. & ഇന്റീരിയർ പ്രവൃത്തികൾ<br>2. ജിം ഉപകരണങ്ങൾ സ്ഥാപിക്കൽ |

S.O